

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

കൈത്താ ആറാം ഞായർ

2024
ഓഗസ്റ്റ് 11



# സധൈര്യം സ്നേഹതീരത്തേക്ക്

**ഉത്പ 8:1 – 11; ഉത്തമ 6:1 – 4; വെളി 21:9 – 14; യോഹ 6:16 – 24**

ആ കുട്ടിയുടെ പേര് മോഹൻദാസ് എന്നായിരുന്നു. രാത്രി മുറിവിട്ടു പുറത്തിറങ്ങാൻ അവനു വല്ലാത്ത ഭയമാണ്!

പല രാത്രികളിൽ രണ്ടും കല്പിച്ച് അവൻ മുറിക്കു പുറത്തിറങ്ങാൻ ശ്രമിച്ചെങ്കിലും ഭയത്തിന്റെ തീവ്രത കൂടിക്കൊണ്ടേയിരുന്നു.

അവന്റെ പഠനകാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്ന രംഭ എന്ന അധ്യാപിക ഒരു ദിവസം അവനോടു ചോദിച്ചു.

എന്തിനാണ് രാത്രിയിൽ നീയിത്ര പരിഭ്രമിക്കുന്നത്?

മോഹൻദാസ് പറഞ്ഞു: എനിക്ക് ഇരുട്ടിനെ പേടിയാണ്, ഇരുട്ടിലേക്കിറങ്ങിയാൽ പ്രേതങ്ങൾ വരും, എന്റെ ചോര കുടിക്കും!

എവിടുന്നൊക്കെയോ മനസിന്റെ ആഴങ്ങളിലേക്കു പതിഞ്ഞുറഞ്ഞ തോന്നലുകൾ അവൻ ആധിയോടെ പങ്കുവച്ചു.

അധ്യാപിക പറഞ്ഞു: രാത്രിയിൽ നീ ആരെയും പേടിക്കേണ്ടതില്ല. നമ്മുടെ ഉള്ളിലുള്ള ഈശ്വര ചിന്തകൾ രാത്രിയുടെ ഇരുട്ടിൽ നമുക്കു പ്രകാശം പകരും. പൂർണമായ ഈശ്വരാശ്രയ ബോധത്തിൽ സധൈര്യം നീ പുറത്തേക്കിറങ്ങുക.

മോഹൻദാസ് അന്നു രാത്രിയിൽ മുറിവിട്ടു പുറത്തിറങ്ങി. ആയയുടെ വാക്കുകൾ ഉള്ളിലെ പ്രകാശം തിരിച്ചറിയാനും പുറത്തെ ഇരുട്ടിനെ കീറിമുറിച്ച് മുന്നോട്ടു നീങ്ങാനും അവനു നിമിത്തമായി.

ആ മോഹൻദാസ് പിന്നീട് ഒരു ജനതയെ ഒന്നാകെ സ്വാതന്ത്ര്യത്തിന്റെ വെളിച്ചത്തിലേക്കു ധൈര്യപൂർവം നയിച്ചു ജയിച്ച മഹാത്മാഗാന്ധിയായെന്നതു ചരിത്രം.

## ഞാനാണ്; ഭയപ്പെടേണ്ട

ജീവിതസങ്കീർണതകളുടെ നിലയില്ലാക്കയങ്ങളിൽ അലയുമ്പോൾ, വലിയ പ്രത്യാശ പകരുന്നൊരു ക്രിസ്തുമൊഴിയാണ് ഇന്നത്തെ സുവിശേഷത്തിന്റെ പഞ്ച് ഡയലോഗ്.

ഞാനാണ്, ഭയപ്പെടേണ്ട (യോഹ 6.20).

നമ്മുടെയൊക്കെ എല്ലാ സങ്കടങ്ങളും മായിച്ചുകളയാനുള്ള മാജിക്ക് ഈ വാക്കുകളിലുണ്ടു കേട്ടോ....

ലൂക്കാ ഒഴികെ മൂന്നു സുവിശേ



സിജോ പൈനാടത്ത്

ഷകന്മാരും ധൈര്യത്തിന്റെ ഈ 'മാജിക്ക് വാക്ക്' സമാനസന്ദർഭത്തിൽ കുറിച്ചിട്ടുണ്ട്. ധൈര്യമായിരിക്കുവിൻ എന്നുകൂടി മത്തായി (14.27) മർക്കോസ് (6.50) സുവിശേഷങ്ങളിൽ അതിനോടു ചേർത്തുവച്ചിട്ടുണ്ട്.

ഞാനാണ്; ഭയപ്പെടേണ്ട.

കരഞ്ഞു തളർന്ന രാത്രികളിൽ ഇങ്ങനെയൊരു ഡയലോഗ് എന്റെ മുഖത്തു നോക്കി പറയാൻ, മുന്നിലെ ഇരുട്ട് മായ്ക്കാൻ, വെളിച്ചം തിരിച്ചറിയാൻ, ധൈര്യം പകരാൻ ഒരാളുണ്ടാവുക മാത്രമല്ല; അങ്ങനെ പറഞ്ഞവർക്കു കാതോർക്കുകയും പ്രധാനമാണ്.

ഡാ, ഇതു ഞാനാണ്ഡാ...,

പിന്നെന്തൂട്ട് പേടിക്കാനടാവേ...

പിന്നല്ലാതെ...

## ഭയം ഉണ്ടാകുന്നത്

സംസ്കൃതഭാഷയിൽ 'രജ്ജു സർപ്പ:' എന്നൊരു പ്രയോഗമുണ്ട്. കയറിനെ കണ്ടു പാമ്പ് ആണെന്നു തെറ്റിദ്ധരിക്കുന്നതാണു പദസൂചന.

കടലിനു മീതെ നടന്നുവരുന്നവൻ ക്രിസ്തുവാണെന്ന് ആദ്യം തിരിച്ചറിയാൻ സാധിക്കാതെ പോകുന്ന പത്രോസ് ഉൾപ്പടെയുള്ള ശിഷ്യന്മാരാണു വഞ്ചിയിൽ. തെറ്റിദ്ധാരണ ഭയമായി മാറുന്നതും കാണു ന്നുണ്ട് (6.19). ഭൂതമാണെന്നു കരുതി ശിഷ്യന്മാർ നിലവിളിച്ചെന്നും പരിഭ്രമിച്ചെന്നും മർക്കോസ്, മത്തായി സുവിശേഷങ്ങളിൽ.

രോഗശാന്തി നൽകുന്നത്, അപ്പം വർധിപ്പിക്കുന്നത് തുടങ്ങിയ ക്രിസ്തുവിന്റെ അത്ഭുതങ്ങൾക്കു സാക്ഷ്യം വഹിച്ചവരാണ് ശിഷ്യന്മാർ. തൊട്ടുപിന്നാലെയാണ് കടലിനു മീതെ നടന്നുള്ള ക്രിസ്തുവിന്റെ വരവ്. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിവുള്ളവൻ കടലിനു മീതെയും നടന്നെത്തുമെന്നു വിശ്വസിക്കാനുള്ള തീക്ഷ്ണത പെട്ടെന്നൊരു വേള ശിഷ്യർക്കു കൈമോശം വരുന്നുണ്ട്.

തേടിയെത്തുന്നവനെ തിരിച്ചറിയാതെ പോകുന്നിടത്താണു ഭയം ആരംഭിക്കുന്നത്.

എന്നെ തേടിയെത്തുന്ന ദൈവത്തെ തിരിച്ചറിയാൻ പറ്റാത്തത് എന്നിലെ വിശ്വാസിയുടെ പരാജയമാകും! അല്പവിശ്വാസിയെന്നാണ് അവിടെ എനിക്കുള്ള വിളിപ്പേര്.

എന്റെ തമ്പുരാനേ... നീയെന്നെ തേടിയെത്തുമ്പോൾ തിരിച്ചറിയാനുള്ള വെളിച്ചം പകരേണമേ.

## ക്ഷോഭമടങ്ങിയ കടൽ

ശക്തമായ കാറ്റിൽ ക്ഷോഭിക്കുന്ന കടലിലാണ് ശിഷ്യന്മാരുടെ തോണിയാത്ര. ഇരുട്ടാണ്; കാലാവസ്ഥ പ്രതികൂലവും....!

കഫർണാമെന്ന മറുകരയിലേക്കെത്താൻ ക്ഷോഭിക്കുന്ന കടലിനെ അതിജീവിച്ചു തുഴയേണ്ടതുണ്ട്. ഒട്ടും എളുപ്പമല്ലാത്ത തുഴച്ചിലിനിടെയാണ് അവരെ തേടി ക്രിസ്തു എത്തിയത്.

അവൻ ധൈര്യപ്പെടുത്തിയപ്പോൾ, ഭയം വഴിമാറി.

തങ്ങളെ ധൈര്യപ്പെടുത്തിയ ക്രിസ്തുവിനെ വഞ്ചിയിലേക്കു കയറ്റാൻ അവർ തീരുമാനിച്ചതോടെ, അവരുടെ യാത്ര ലക്ഷ്യത്തിലേക്കെത്തുന്നു (6.21).

ക്രിസ്തുവിന്റെ സാന്നിധ്യം ക്ഷോഭിച്ച കടലിനെ ശാന്തമാക്കുക മാത്രമല്ല, ആടിയുലഞ്ഞ വഞ്ചിയെ ലക്ഷ്യത്തിലേക്കെത്തിക്കുകയും ചെയ്യുന്നുണ്ട്. യാത്രകളിൽ ക്രിസ്തുവിനെ ക്ഷണിക്കുമ്പോഴാണ്, അവനും കൂടെയുള്ളപ്പോഴാണ് ലക്ഷ്യം എളുപ്പവും സഫലവുമാകുന്നത്. അവനുണ്ടെങ്കിൽ, കലുഷിതമായ നമ്മുടെ അന്തരീക്ഷം ശാന്തമാകും; അവൻ നമ്മുടെ ജീവിതവഞ്ചിയിലേക്കു കയറിയാൽ യാത്ര എളുപ്പമാകും.

കലുഷിതവും സങ്കീർണവുമായ വർത്തമാനകാല സാഹചര്യങ്ങളിൽ ക്ഷോഭങ്ങളെ ശാന്തമാക്കാൻ നമ്മുടെ അമരങ്ങളിലേക്കു നടന്നെത്തുന്ന ക്രിസ്തുവിനെ തിരിച്ചറിയേണ്ടതുണ്ട്., അവനെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത ഉണ്ടാവേണ്ടതുണ്ട്. അവനെ കൂടെ കൂട്ടാനുള്ള മനസൊരുക്കം നടക്കേണ്ടതുണ്ട്.

ക്രിസ്തുവിനെ ക്ഷണിക്കാൻ മറന്നുപോകുന്നിടത്തും മടിച്ചുനിൽക്കുന്നിടത്തുമാണ് സമുദ്രങ്ങൾ ക്ഷോഭവും അശാന്തിയും തുടരുന്നത്; വിശ്വാസനൗക ലക്ഷ്യങ്ങളുടെ കര കാണാതെ അലയുന്നത്!

തമ്പുരാനേ, ക്ഷോഭം പൂണ്ട എന്റെ ജീവിതപരിസരങ്ങളെ അങ്ങ് ശാന്തമാക്കുക. എന്റെ ജീവിതനൗകയിലേക്ക് നീ ചുവടുവയ്ക്കുക. എന്നെ ശാന്തമായി ലക്ഷ്യതീരത്തേക്ക് നയിക്കുക...

## അതുല്യാധികാരം

അസാധ്യമെന്നു മനുഷ്യൻ പറയുന്നവ സാധ്യമാക്കുന്നവന്റെ പേരാണല്ലോ ദൈവപുത്രനായ ക്രിസ്തു. അവൻ രോഗം സുഖപ്പെടുത്തും, അപ്പം വർധിപ്പിക്കും, കടലിനു മീതെ നടക്കും. സർവതിലും അധികാരമുള്ളവനാണു ക്രിസ്തു.

'അങ്ങയുടെ വഴി സമുദ്രത്തിലൂടെയും അങ്ങയുടെ പാത പെരു വെള്ളത്തിലൂടെയും ആയിരുന്നു' എന്ന സങ്കീർത്തകന്റെ വാക്കുകളും (77.19), 'സമുദ്രത്തിലെ തിരമാലകളെ ചവിട്ടി മെതിക്കുന്ന' ദൈവത്തെക്കുറിച്ചുള്ള ജോബിന്റെ (9.8) സാക്ഷ്യവും തുടങ്ങി പഴയ നിയമത്തിൽ ആ അധികാരത്തിനു മുന്നാസ്വാദനങ്ങളേറെ.

'ഇവൻ ആര്? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നുവല്ലോ?' (മത്തായി 8.26) എന്ന ആശ്ചര്യവാക്കുകളിലും കാണാം ക്രിസ്തുവിന്റെ അത്ഭുതശക്തി.

## പുതിയ ആകാശം പുതിയ ഭൂമി

ദൈവത്തെ ജീവിതത്തോടു ചേർത്തു നിർത്തുന്നവർ സ്വന്തമാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും വെളിപാടിന്റെ പുസ്തകത്തിലെ ഇന്നത്തെ വായനയിൽ നാം കാണുന്നു. സ്വർഗീയ ജറുസലേമിലേക്കുള്ള യാത്ര, ലക്ഷ്യത്തിലെ അടയാളങ്ങൾ എന്നിവ വരികളിലുണ്ട്.

അവൻ ഒപ്പമുണ്ടാവുക എന്നതു തന്നെയാണു പ്രധാനം. അതിലേക്കെത്താൻ അവനെ അറിയാനും ക്ഷണിക്കാനും സ്വീകരിക്കാനും ആകണം. ജീവിതയാത്രയിലെ ക്ഷോഭിക്കുന്ന കടലലകളെ തോൽപിക്കാനും സ്വർഗീയ ജറുസലേമിന്റെ പ്രശാന്തമായ കരകളിലേക്കു കൈപിടിക്കാനും അവനെ ചങ്കോടു ചേർത്തു നിർത്താം.

തമ്പുരാനേ.... നിന്നെയറിയാൻ, നിന്നിലലിയാൻ എന്നെ നീ ബലപ്പെടുത്തുക.

ആമ്മേൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com